**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1079** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഇരിങ്ങാലക്കുട മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഇരിങ്ങാലക്കുട മണ്ഡലത്തിൽ തകർന്നുകിടക്കുന്ന പൊതുമരാമത്ത് റോഡുകളുടെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇരിങ്ങാലക്കുട മണ്ഡലത്തിൽ വരുന്ന പൊതുമരാമത്ത് റോഡുകളായ നോർത്ത് അങ്ങാടിക്കടവ് റോഡ് നീളം - 0.942 കി.മീ - തുക - 176.5 ലക്ഷം, താണിശ്ശേരി കാരഞ്ചിറ റോഡ് നീളം - 6 കി.മീ - തുക - 843 ലക്ഷം,പുല്ലൂർ ഊരകം കല്ലംകുന്ന് റോഡ് നീളം -3.340 കി.മീ - തുക - 646 ലക്ഷം, തിരുത്തിപ്പറമ്പ് റോഡ് നീളം - 1.980 കി.മീ - തുക 350 ലക്ഷം, എന്നിവയുടെ നവീകരണത്തിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ബി.എം & ബി.സി.നിലവാരത്തിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇരിങ്ങാലക്കുട മണ്ഡലത്തിൽ വരുന്ന പൊതുമരാമത്ത് റോഡുകളായ നോർത്ത് അങ്ങാടിക്കടവ് റോഡ് നീളം - 0.942 കി.മീ - തുക - 176.5 ലക്ഷം, താണിശ്ശേരി കാരഞ്ചിറ റോഡ് നീളം - 6 കി.മീ - തുക - 843 ലക്ഷം,പുല്ലൂർ ഊരകം കല്ലംകുന്ന് റോഡ് നീളം -3.340 കി.മീ - തുക - 646 ലക്ഷം, തിരുത്തിപ്പറമ്പ് റോഡ് നീളം - 1.980 കി.മീ - തുക 350 ലക്ഷം, എന്നിവയുടെ നവീകരണത്തിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

**(സി)** ഇത്തരം റോഡുകളുടെ നവീകരണത്തിലുണ്ടാകുന്ന കാലതാമസം പരമാവധി ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പുകൾ പുതിയതായി ഇടുന്നതും പഴയ പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതിനുമായി വളരെയധികം കാലതാമസം നേരിടാറുണ്ട്. സമയബന്ധിതമായി പൈപ്പുകൾ ഇടുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചാൽ റോഡുകളുടെ നവീകരണത്തിനുള്ള കാലതാമസം പരമാവധി ഒഴിവാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**